**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4371** **18-03-2025 - ൽ മറുപടിയ്ക്ക്**

**കക്കയം ഐ.ബി.യുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള കക്കയം ഐ.ബി. നവീകരിക്കുന്നതിനും പുതിയ റസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കക്കയം ഐ.ബി. - യുടെ വാർഷിക അറ്റകുറ്റ പണികൾ നടത്തി ഉപയോഗ യോഗ്യമാക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. പുതിയ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ തയ്യാറാക്കിയിട്ടില്ല. |
| (ബി) | കെ.എസ്.ഇ.ബി.-യ്ക്ക് വരുമാനം ലഭിക്കുന്ന രീതിയിൽ കക്കയം ഐ.ബി. നവീകരിച്ച് ടൂറിസ്റ്റുകൾക്ക് കൂടി താമസിക്കുവാൻ കഴിയുന്ന തരത്തിൽ മാറ്റം വരുത്തുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | സർക്കാർ 24.5.1967- ലെ ഗസറ്റ് വിജ്ഞാപന പ്രകാരം നിരോധിത മേഖലയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പദ്ധതി പ്രദേശത്താണ് ഐ.ബി. സ്ഥിതി ചെയ്യുന്നത്. ആയതിനാൽ സുരക്ഷാ കാരണങ്ങളെ മുൻ നിർത്തി ഐ.ബി നവീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ കഴിയുന്ന തരത്തിൽ മാറ്റം വരുത്തുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ